കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ
തിരുവനന്തപുരം

(ഹാജർ: ശ്രീ. കെ.വി. മനോജ്കുമാർ, ചെയർപേഴ്സൺ
ശ്രീ. കെ. നസീർ, മെമ്പർ
ശ്രീമതി ബി ബബിത, മെമ്പർ)

തീയതി : 30/12/2020

സി.ആർ.എം.പി.നമ്പർ : 6113/11/LA2/2020/KeSCPCR

ഹർജികക്ഷി : സ്വമേധയാ നടപടി.

എതിർകക്ഷികൾ :

1) സെക്രട്ടറി,
ആഭ്യന്തര വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2) സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

3) ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

4) സംസ്ഥാന പോലീസ് മേധാവി, കേരളം,
തിരുവനന്തപുരം.

5) ജില്ല പോലീസ് മേധാവി,
കോഴിക്കോട് റൂറൽ.

6) സ്റ്റേഷൻ ഹൗസ് ഓഫീസർ,
ബാലുശ്ശേരി പോലീസ് സ്റ്റേഷൻ,
കോഴിക്കോട്.

7) ജില്ല ശിശുസംരക്ഷണ ഓഫീസർ,
ജില്ല ശിശുസംരക്ഷണ യൂണിറ്റ്,
കോഴിക്കോട്.

8) ചെയർമാൻ,
ചൈൽഡ് വെൽഫെയർ കമ്മിറ്റി, കോഴിക്കോട്.

ഉത്തരവ്

1. "രാത്രിയിൽ കുഞ്ഞനുജൻമാർക്ക് കൂട്ടിരുന്ന ആറുവയസ്സുകാരിക്ക് ക്രൂര പീഡനം" എന്ന തലക്കെട്ടോടെ വന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2005–ലെ ബാലാവകാശങ്ങൾസംരക്ഷിക്കുന്നതിനായുള്ള കമ്മീഷനുകൾ നിയമത്തിലെ 13(1)(j) വകുപ്പുപ്രകാരം വിഷയം സ്വമേധയാ പരിഗണിച്ച കമ്മീഷൻ അഞ്ചു, ആറ്, ഏഴ്, എട്ട് എതിർകക്ഷികളിൽനിന്നും റിപ്പോർട്ട് തേടുകയുണ്ടായി.

2. മറുനാടൻ തൊഴിലാളികളുടെ കൂരയിൽ രാത്രി മാതാപിതാക്കളില്ലാത്ത സമയത്ത് അനുജൻമാർക്ക് കൂട്ടിരിക്കുകയായിരുന്ന ആറുവയസ്സുകാരിക്ക് ക്രൂരമായ പീഡന മേറ്റെന്നും സാരമായി പരിക്കേറ്റ കുട്ടിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിച്ചെന്നും മറ്റുമായിരുന്നു മാധ്യമവാർത്ത.

3. തുടർന്ന് 07–11–2020–ന് കമ്മീഷൻ അംഗങ്ങളായ ശ്രീ. കെ. നസീർ, ശ്രീമതി ബി. ബബിത എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെത്തി ചികിത്സയിൽ കഴി യുന്ന കുട്ടിയെ സന്ദർശിക്കുകയും കുട്ടിയുടെ ആരോഗ്യ വിവരങ്ങൾ ആശുപത്രി സൂപ്രണ്ടുമായി സംസാരിക്കുകയും കുട്ടിക്ക് എല്ലാവിധ ചികിത്സയും നൽകി വരു ന്നതായി ഉറപ്പാക്കുകയും ചെയ്തു. തുടർന്ന് കുട്ടി പീഡനത്തിനിരയായ വീടും പരിസരവും കമ്മീഷൻ അംഗങ്ങൾ സന്ദർശിക്കുകയും അന്വേഷണ പുരോഗതി വിലയിരുത്തുകയും ചെയ്തു.

4. മേൽ കാര്യത്തിൽ അഞ്ചാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ നേപ്പാളി സ്വദേശിയായ ആറുവയസ്സുകാരി ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ ബാലുശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം.1092/2020 u/s 449, 376, 4B of IPC ആയും POCSO Act–ലെ 6, 5(m) വകുപ്പുപ്രകാരവും കേസ് രജിസ്റ്റർ ചെയ്തതായും കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക അന്വേഷണ സംഘത്തെ രൂപീ കരിച്ചതായും പ്രതിയെ അറസ്റ്റ് ചെയ്ത് പഴുതടച്ച അന്വേഷണം നടത്തി വരുന്ന തായും കുട്ടിയുടെ ക്രിമിനൽ നടപടി നിയമം 164–ാം വകുപ്പുപ്രകാരം മൊഴി മജി സ്ട്രേറ്റ് മുമ്പാകെ രേഖപ്പെടുത്തിയതായും അന്വേഷണ പുരോഗതി ബാലുശ്ശേരി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നിരീക്ഷിക്കുന്നതായും കേസിൽ അന്വേഷണം സംഘം സ്വീകരിക്കേണ്ട കൃത്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായും കേസ് നടത്തിപ്പിന് പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനായി സർക്കാരി നോട് അപേക്ഷിക്കാൻ നിർദ്ദേശം നൽകിയതായും ബോധിപ്പിക്കുകയുണ്ടായി.

5. മേൽ കാര്യത്തിൽ ഏഴാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ കുട്ടികളുടെ സംര ക്ഷണം ഉറപ്പുവരുത്തുന്നതിൽ രക്ഷിതാക്കൾക്ക് വീഴ്ച വന്നതായി ബോധ്യപ്പെട്ട തായും മേൽ കേസുമായി ബന്ധപ്പെട്ട് കുട്ടിയുടെ വീട് സന്ദർശിച്ചതിൽ വീടിന്റെ അന്തരീക്ഷം കുട്ടികളുടെ മാനസിക–ശാരീരിക–സാമൂഹ്യ വികാസത്തിന് തീർത്തും ഉതകുന്ന തരത്തിലുള്ളതല്ലെന്ന് ബോധ്യപ്പെട്ടതായും ആയതിനാൽ ചികി ത്സയിൽ കഴിയുന്ന കുട്ടിയെയും സഹോദരങ്ങളായ കുട്ടികളെയും ശിശുസംര ക്ഷണ സ്ഥാപനത്തിലേയ്ക്ക് മാറ്റി താമസിപ്പിച്ച് സംരക്ഷിക്കണമെന്നും ബോധിപ്പി ക്കുകയുണ്ടായി.

6. അഞ്ചും, ആറും, ഏഴും എതിർകക്ഷികൾ സമർപ്പിച്ച റിപ്പോർട്ടുകൾ കമ്മീഷൻ പരി ശോധിച്ചതിൽ കേസ് അന്വേഷണം ശരിയായ ദിശയിൽ നടക്കുന്നതായി കമ്മീഷന് ബോധ്യമായി. അതിജീവിത നേപ്പാൾ സ്വദേശിയായതിനാലും താൽക്കാലികമായി കേരളത്തിൽ തൊഴിൽ ചെയ്യുന്നതിനായി വന്നതായതിനാലും കേസന്വേഷണം എളുപ്പത്തിൽ പൂർത്തീകരിക്കുകയും കേസ് വിചാരണ മുൻഗണനാക്രമത്തിൽ നട ത്തുന്നതിനാവശ്യമായ സാഹചര്യവും ഉണ്ടായാൽ മാത്രമേ അതിജീവിതയ്ക്ക് നീതി ഉറപ്പാക്കാനാകൂ. മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും കേരളത്തിൽ തൊഴിലിനും മറ്റുമായി വന്ന് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന കേസുകളിൽ കേസന്വേഷണം മുൻഗണനാക്രമത്തിൽ നടത്തേണ്ടതു ണ്ട്. ആയതിനാവശ്യമായ നിർദ്ദേശം ഒന്നും നാലും എതിർകക്ഷികൾ പുറപ്പെടുവി ക്കേണ്ടതാണ്. കൂടാതെ സമാന കേസുകൾ മുൻഗണനാക്രമത്തിൽ കോടതി നടപ ടികളും പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി ബഹു. കേരള ഹൈക്കോടതി യുമായി ബന്ധപ്പെട്ടോ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിയിൽ അവർ ഉന്നയിച്ചോ കേസ് വിചാരണ മുൻഗണനാക്രമത്തിൽ നടത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളേണ്ടത് അതിജീവിതയുടെ ഉത്തമതാത്പര്യത്തിന് അനിവാര്യമാണ്. കേസ് അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായാൽ സാക്ഷികളെ ലഭ്യ മാകാതെ വരുന്നതും ആയത് പ്രതികൾക്ക് സഹായകരമാകുന്നതുമാണ്. ഇതിനാവ ശ്യമായ നടപടി രണ്ടും മൂന്നും എതിർകക്ഷികൾ ബഹു. ഹൈക്കോടതിയുടെ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി മുഖേനെയോ മറ്റോ സ്വീകരിക്കേണ്ടതാണ്.

7. അഞ്ചാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ മേൽ കേസ് നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീക രിക്കാൻ സർക്കാരിനോട് അപേക്ഷിക്കാൻ അന്വേഷണ സംഘത്തിന് നിർദ്ദേശം നൽകിയതായി ബോധിപ്പിക്കുകയുണ്ടായി. നേപ്പാൾ സ്വദേശിയായ കുട്ടി ക്രൂരമായ ലൈംഗിക അതിക്രമത്തിന് ഇരയായ കേസിൽ പ്രതിക്ക് നിയമാനുസൃത ശിക്ഷ ഉറപ്പാക്കുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ സേവനം പോലീസ് ആവശ്യപ്പെട്ടിരിക്കയാൽ ആയതിനാവശ്യമായ ഉത്തരവ് ഒന്നാം എതിർകക്ഷി

പുറപ്പെടുവിക്കേണ്ടതും ബാലുശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 1092/2020 കേസ് നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

8. കുട്ടിയുടെ ജീവിത സാഹചര്യങ്ങൾ ഒരിക്കലും സുരക്ഷിതമല്ലെന്ന് ഏഴാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. മേൽകാര്യങ്ങൾ വിശദമായി പ്രതിപാദിച്ചുകൊണ്ട് എട്ടാം എതിർകക്ഷി മുമ്പാകെ ഏഴാം എതിർകക്ഷി റിപ്പോർട്ട് നൽകേണ്ടതും കുട്ടിയുടെ ഉത്തമതാത്പര്യം പരിഗണിച്ച് ആവശ്യമായ ഉത്തരവ് എട്ടാം എതിർകക്ഷി പുറപ്പെടുവിക്കേണ്ടതുമാണ്. കൂടാതെ കുട്ടിക്ക് വിക്ടിം കോംപൻസേഷൻ, മറ്റ് സാമ്പത്തിക സഹായങ്ങൾ എന്നിവ അടിയന്തരമായി ലഭിക്കുന്നുള്ള നടപടി, സപ്പോർട്ട് പേഴ്സന്റെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടിയും ആറും, ഏഴും എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

9. മേൽ വിവരിച്ച പസ്തുതകളുടെ പശ്ചാത്താലത്തിൽ, 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പുപ്രകാരവും, 2012-ലെ ലൈംഗികാതിക്രമങ്ങളിൽനിന്നും കുട്ടികൾക്ക് സംരക്ഷണം നൽകൽ നിയമത്തിലെ 44-ാം വകുപ്പുപ്രകാരവും താഴെപ്പറയും ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(എ) കേരളത്തിന് പുറത്തുനിന്നോ രാജ്യത്തിന് പുറത്തുനിന്നോ കേരളത്തിലെത്തി ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന കുട്ടികളുടെ കേസുകളുടെ അന്വേഷണം മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതിനും കോടതി മുഖാന്തിരം കുറ്റപത്രം സമർപ്പിക്കുന്നതിനും ആവശ്യമായ ഉത്തരവ് 1, 4 എതിർകക്ഷികൾ പുറപ്പെടുവിക്കേണ്ടതാണ്.

(ബി) കേരളത്തിന് പുറത്തുനിന്നോ രാജ്യത്തിന് പുറത്തുനിന്നോ കേരളത്തിലെത്തി ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്ന കുട്ടികളുടെ കേസുകളുടെ കോടതി വിചാരണാ നടപടികൾ മുൻഗണനാക്രമത്തിലാക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ 2, 3 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(സി) കോഴിക്കോട് റൂറൽ പോലീസ് അധികാരപരിധിയിലുള്ള ബാലുശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 1092/2020 നമ്പർ കേസിന്റെ നടത്തിപ്പിനായി ക്രിമിനൽ കേസ് നടത്തിപ്പിൽ പരിചയ സമ്പന്നനായ അഭിഭാഷകനെ ക്രിമിനൽ നടപടി നിയമം 24(8) വകുപ്പുപ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുന്നതിനാവശ്യമായ നടപടി 1-ാം എതിർ കക്ഷി സ്വീകരിക്കേണ്ടതാണ്.

(ഡി) മേൽ കേസിലെ കുട്ടിയുടെ കുടുംബപശ്ചാത്തലം വിശദമായി വിവരിച്ചു കൊണ്ടുള്ള റിപ്പോർട്ട് 7-ാം എതിർകക്ഷി 8-ാം എതിർകക്ഷി മുമ്പാകെ സമർപ്പിക്കേണ്ടതും അപ്രകാരം റിപ്പോർട്ടിന്മേൽ കുട്ടിയുടെ ഉത്തമ താൽപര്യം സംരക്ഷിക്കുന്ന തരത്തിലുള്ള ഉത്തരവ് 8-ാം എതിർകക്ഷി പുറപ്പെടുവിക്കേണ്ടതാണ്.

(ഇ) മേൽ കേസിലെ അതിജീവിതയ്ക്ക് വിക്ടിം കോംപൻസേഷൻ, മറ്റ് സഹായനിധി, സപ്പോർട്ട് പേഴ്സൺ എന്നീ കാര്യങ്ങൾ ചെയ്തുനൽകുന്നതിനാവശ്യമായ നടപടികൾ 6, 7, 8 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(എഫ്) മേൽ കേസിലെ അതിജീവിതയ്ക്ക് പൂർണ്ണമായ നിയമസഹായം ഉറപ്പാക്കുന്നതിനുള്ള നടപടി 7-ാം എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

കമ്മീഷന്റെ ഉത്തരവിന്മേൽ എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 40 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)	(ഒപ്പ്)	(ഒപ്പ്)
കെ.വി. മനോജ്കുമാർ	കെ. നസീർ	ബി. ബബിത
(ചെയർപേഴ്സൺ)	(മെമ്പർ)	(മെമ്പർ)

ഉത്തരവിൻ പ്രകാരം

പി.വി. ഗീത
രജിസ്ട്രാർ

SJ/30.12.20